# SUMMATIVE ASSESSMENT – I
# SEPTEMBER 2015

## GRADE IX

Sub: MALAYALAM. Total Marks :90
Time 3 Hours

### എ–വിഭാഗം

1 താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

സർവോദയം എന്നാൽ എല്ലവരുടെയും ക്ഷേമം എന്നാണ് അർഥമാക്കുന്നത്. ഈ പ്രസ്ഥാനത്തിൻെറ ജനയിതാവ് മഹാത്മാഗാന്ധിയും പരിപോഷകൻ വിനോബാഭാവെയുമാണ്.എല്ലാ വിധ ചൂഷണങ്ങളിൽ നിന്നും ജനങ്ങളെ ഒഴിവാക്കത്തക്കവണ്ണം ഒരു സമൂഹത്തെ കെട്ടിപ്പടുക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിൻെറ മുഖ്യലക്ഷ്യം. അതായത് ഒരു രാഷ്ട്രരഹിതസമൂഹം സ്വയം പര്യാപ്തതയും ആഭ്യന്തരസ്വാതന്ത്ര്യവുമുള്ള ഗ്രാമങ്ങലുടെ ഒരയവുള്ള ഫെഡറേഷനായിരിക്കും സർവോദയസമൂഹം. കേന്ദ്രഭരണകൂടം എന്നൊന്നൊല്ല.ഭരിക്കുക എന്നതിനെക്കാൾ സേവിക്കുക എന്നതാന് സർവോദയസമൂഹത്തിൻെറ നയം. എല്ലാ തൊഴിലിനും തുല്യമാന്യത,സമത്വത്തിലും സ്വാതന്ത്ര്യത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായൊരു സമൂഹം, ആരോഗ്യകരമായ മത്സരങ്ങൾ മാത്രം ഇതൊക്കെ സർവോദയസമൂഹത്തിൻെറ പ്രവർത്തനങ്ങൾ കൊണ്ടു സാധ്യമാകുന്നവയാണ്.ഇവിടെ ഉത്പാദനത്തിൻെറ ലക്ഷ്യം ലാഭമല്ല,ഉപഭോഗമാണ്.അത് സ്ഥിതിസമത്വത്തെ സാർഥകമാക്കുന്നു.

1. സർവോദയം എന്ന പദം കൊണ്ടർഥമാക്കുന്നത് എന്ത്? 2
2. സർവോദയപ്രസ്ഥാനത്തിൻെറ ജനയിതാവ്' ആര്? 2
3. സർവോദയപ്രസ്ഥാനത്തിൻെറ മുഖ്യ ലക്ഷ്യം എന്ത്? 2
4. സർവോദയ സമൂഹത്തിൻെറ പ്രവർത്തനങ്ങൾ കൊണ്ടു സാധ്യമാകുന്നത് എന്തെല്ലാം? 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം എഴുതുക 2

### ബി– വിഭാഗം

1. നിങ്ങളുടെ നാട്ടിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു പഞ്ചായത്തുപ്രസിഡൻറിന് ഒരു കത്ത് തയ്യാറാക്കുക 8

2. അഞ്ചോ ആറോ വാക്യത്തിൽ ആശയം വിശദമാക്കുക 3

" ബന്ധുരക്കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ"

അല്ലെങ്കിൽ

" മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടാം സൗരഭ്യം"

3. ഏതെങ്കിലും രണ്ടു ശൈലികൾ എടുത്ത് വാക്യത്തിൽ പ്രയോഗിക്കുക 2

1 കച്ച കെട്ടിപ്പുറപ്പെടുക
2 എരിതീയിൽ എണ്ണയൊഴിക്കുക
3 പൂച്ചു തെളിയുക
4 അടി തെറ്റുക

4. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക 7

1 മതസൗഹാർദം
2 മനുഷ്യപുരോഗതിയിൽ ശാസ്ത്രം വഹിക്കുന്ന പങ്ക്
3 വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം

## സി–വിഭാഗം

1. പ്രയോഗം മാറ്റുക 2

1 രാമൻ കുട്ടിനായർ വെളുത്ത വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു
2 ആ മണിഹർമ്യത്തിൻെറ മുന്നിൽ വൃദ്ധനാൽ നിൽക്കപ്പെട്ടു.

2. മഹാവാക്യമാക്കുക 1

കല്യാണവീട്ടിൽ നിന്നു സംഗീതം കേൾക്കുന്നു. അവർ ഭൂതകാല സ്മരണകളിൽ മുഴുകി നടക്കുന്നു

3. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

1 അത്രയും നാൾ മറച്ചു വച്ച ആ പരമാർഥമായ സത്യത്തെ അമ്മ വെളിപ്പെടുത്തി.
2 അവരുടെ പൊട്ടിച്ചിരിയും കരച്ചിലോ ആ വീടിൻെറ ഇരുട്ടിലെവിടെയൊക്കെയോ കേൾക്കാറുണ്ടായിരുന്നു.

4. പിരിച്ചെഴുതി സന്ധി നിർണയിക്കുക 2

1 അവൻ
2 ബന്ധുത്വത്തെ

5. ശരിയായ വിപരീത പദം എഴുതുക 1

ഖേദം ( ദുഃഖം,മോദം,പരിതാപം,സന്താപം)

6. ശരിയായ പര്യായപദങ്ങൾ എഴുതുക 1

കണ്ണീർ (ബിന്ദു,തോയം,ബാഷ്പം,അശ്രു)

7. ശരിയായ നാനാർഥപദങ്ങൾ എഴുതുക 1

ദണ്ഡം ( ക്ഷമ,രോഗം,ക്രമം,പിഴ)

8. അർഥവ്യത്യാസം തെരെഞ്ഞെടുത്തെഴുതുക 1

അർഥം - അർദ്ധം ( പകുതി. വിദ്യ,ധനം, ഇരുട്ട്)

9. ശരിയായ എതിർലിംഗം എടുത്തെഴുതുക 1

നിരൂപകൻ (നിരൂപിക, നിരൂപിണി, നിരൂപക, നിരൂപകി)

## ഡി - വിഭാഗം

ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക 6

1. "നമ്മുടെ നാട്ടിൽ ഇപ്പോൾ എഴുപതു വയസ്സു കഴിയുമ്പോളാണു സ്ത്രീകൾക്കു നാണമുണ്ടാകുന്നത്"- ആരാണ് ഇങ്ങനെ പറയുന്നത്?
(അച്യുതൻ മാഷ്, പി.കെ.അന്തോണി,രാമൻ കുട്ടി നായർ, ചെറുവാരെ ശങ്കരൻ കുട്ടി)
2. കുട്ടി കൂട്ടുകാരനെ വീട്ടിലേക്കു ക്ഷണിച്ചത് എന്തിന്?
(പിറന്നാൾ ഉണ്ണാൻ, പൂരം കാണാൻ, ഓണം ഉണ്ണാൻ,പള്ളിക്കൂടത്തിൽ പോകുവാൻ)

3. താഴെ തന്നിരിക്കുന്നവയിൽ ഇടശ്ശേരി ഗോവിന്ദൻ നായരുടെ കൃതിയേത്?
(പരിചിതഗന്ധങ്ങൾ, തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, ഇളംചുണ്ടുകൾ, ഓലപ്പീപ്പി)

4. 'ഒരുചെറുപുഞ്ചിരി' എന്ന തിരക്കഥ എഴുതിയതാര്?
( ഇ.ഹരികുമാർ,എം.മുകുന്ദൻ,എം.ടി.വാസുദേവൻ നായർ, പി.കെ.ജോസഫ്)

5. 'മോഡേൺ ടൈംസ്' എന്ന സിനിമയിൽ ചാപ്ലിൻ അഭിനയിച്ച കഥാപാത്രം ആരാണ്?
(ഫാക്ടറി മുതലാളി,ഫാക്ടറിത്തൊഴിലാളി,യാചകൻ, മജിഷ്യൻ)

6. 'സഹപാഠികൾ' എന്ന കവിത എഴുതിയതാര്?
(ബാലാമണിയമ്മ,കമലാസുരയ്യ,ഒ.എൻ.വി,സുഗതകുമാരി)

II ഉത്തരമെഴുതുക

1. ആരുടെ അനുഭവങ്ങളാണു 'മോഡേൺ ടൈംസ്' എന്ന സിനിമയിൽ പ്രത്യക്ഷപ്പെട്ടത്? 4

2. അച്ഛന്റെ മരണശേഷം മക്കൾ അവരുടെ കൂടെ നിൽക്കാൻ വിളിച്ചപ്പോൾ അമ്മാളുവിന്റെ പ്രതികരണം എന്തായിരുന്നു? 4

3. ചെറുവാരെ ശങ്കരങ്കുട്ടി പുതിയ തലമുറയുടെ മനോഭാവത്തെക്കുറിച്ചു പറഞ്ഞതെന്തെല്ലാം? 4

4. "എന്റെ പ്രാർഥന മറിച്ചായിരുന്നു,ഞാനുള്ളപ്പോൾ കഷ്ടപ്പെടാതെ വല്യച്ഛൻ പോണേ എന്ന്"- അമ്മാളു ഇങ്ങനെ പ്രാർഥിക്കാനുണ്ടായ കാരണം എന്ത്? 4

III

1. 'അങ്ങേ വീട്ടിലേക്ക്' എന്നകവിതയിലൂടെ കവി വ്യക്തമാക്കുന്നത് എന്ത്? 4

2. പുത്രന്റെ കണ്ണു തുടച്ചുകൊണ്ട് അമ്മ പറഞ്ഞത് എന്താണ്? 4

3. വൃദ്ധനെ കണ്ടപ്പോൾ ജാമാതാവിന്റെ മുഖത്തെ ഭാവം എന്തായിരുന്നു? 4

4. കൂട്ടുകാരൻ എത്താത്തതിൽ കുട്ടി എന്തൊക്കെയാണു സംശയിക്കുന്നത്? 4

IV ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

1. രായിപ്പൂരിലേക്കുള്ള യാത്രയിൽ നരേന്ദ്രനുണ്ടായ അനുഭവം വിവരിക്കുക. 10

2. നരേന്ദ്രന്റെ ബാല്യകാലം വിവരിക്കുക.

3. ശ്രീരാമകൃഷ്ണപരമഹംസരും നരേന്ദ്രനും തമ്മിലുള്ള ഗുരുശിക്ഷ്യബന്ധത്തെ കുറിച്ച് വിവരിക്കുക.

**********